**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1091** **10-08-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി പുഴയോര സംരക്ഷണത്തിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി പുഴയോരം ഇടിഞ്ഞുവീണ് ഭീഷണി നേരിടുന്നവരിൽ നിന്ന് നിലവിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്താണെന്നും വിശദമാക്കുമോ; | (എ) | 2021 ജൂൺ മുതൽ കുറ്റ്യാടി പുഴയുടെ തീരവും കുറ്റ്യാടി പുഴയുടെ പോഷക നദികളുടെ തീരങ്ങളും ഇടിയുന്നതുമായി ബന്ധപ്പെട്ട് നിലവിൽ 44 പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾ ലഭിയ്ക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി സംരക്ഷണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തി നടപ്പിലാക്കാറാണ് ഉള്ളത്. |
| (ബി) | ജീവനും സ്വത്തിനും ഭീഷണി നേരിടുന്നതിനാൽ കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് അടിയന്തരമായി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ; | (ബി) | 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷിക്കുന്നതിനായുള്ള 17 പ്രവൃത്തികൾക്ക് 10 കോടി രൂപ അനുവദിക്കുകയും ആയത് പ്രകാരം ചങ്ങരോത്ത്, ചെറുവണ്ണൂർ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷിക്കുന്ന 17 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കുറ്റ്യാടി പുഴയുടെ വലതുകര സംരക്ഷിക്കുന്നതിനായി തിരുവള്ളൂർ, മണിയൂർ, വേളം, കുറ്റ്യാടി എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട പുഴതീര സംരക്ഷണത്തിനായുള്ള 34 പ്രവൃത്തികൾക്കായി 23.96 കോടി രൂപ വരുന്ന പദ്ധതിയുടെ DPR സർക്കാരിൽ ലഭ്യമായെങ്കിലും നടപ്പ സാമ്പത്തിക വർഷം പദ്ധതി ഏറ്റെടുക്കാൻ പ്രോവിഷൻ ഇല്ലാത്തതിനാൽ ടി പ്രവൃത്തികൾക്കുള്ള അംഗീകാരം മാറ്റി വച്ചിരിക്കുകയാണ്. |
| (സി) | കുറ്റ്യാടി പുഴയോര സംരക്ഷണത്തിന് ഏതൊക്കെ പ്രവൃത്തികൾക്കാണ് പുതുതായി അംഗീകാരം നൽകിയിട്ടുള്ളതെന്നും 2021 ജൂൺ മുതൽ നാളിതുവരെ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും | (സി) | കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷിക്കുന്ന 17 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. അനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഒന്നും തന്നെ നിലവിലില്ല. |

| | | | |
|---|---|---|---|
| | അനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെങ്കിലും പൂർത്തീകരിക്കാനുണ്ടോയെന്നും വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ